ഡോ. വയലാ വാസുദേവൻപിള്ള മെമ്മോറിയൽ ഗവ. ഹയർ സെക്കണ്ടറി സ്കൂൾ

# നിലാവ്

ലിറ്റിൽ കൈറ്റ്സ്

ഐ . ടി . ക്ലബ്ബ്

നമ്പർ :LK/2019/40041

"ഇരുളിൽ തെളിയും നിലാവ്പോൽ
നിറയട്ടെ മനസ്സിൽ പുതുവെളിച്ചം..."

ലിറ്റിൽ കൈറ്റ്സ്

ഐ . ടി . ക്ലബ്ബ്

ഡോ. വയലാ വാസുദേവൻപിള്ള മെമ്മോറിയൽ ഗവ. ഹയർ സെക്കണ്ടറി സ്കൂൾ വയലാ

# സന്ദേശം

വിവരസാങ്കേതികവിദ്യവിസ്മയകരമായ വളർച്ചയിലൂടെ മാനവരാശിയെ അത്ഭുതപ്പെടുത്തുന്ന പുതിയ കാലത്ത് learning-ന് teaching വഴിമാറികൊടുക്കുന്ന കാഴ്ച്ചയാണ് നാം ഇന്ന് കാണുന്നത്; പുതിയ കാലത്തെ സാങ്കേതിക മികവ് വിദ്യാഭ്യാസരംഗത്ത് ജ്വലിപ്പിച്ച് നിർത്തുന്നതിൽ KITE നൽകുന്ന സേവനം സമാനതകളില്ലാത്തതാണ്. സ്കൂളുകളിലെ സാങ്കേതിക വികസനത്തിൽ ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനം വരുംക്കാലത്തെ വലിയ പ്രതീക്ഷയായിമാറുകയാണ്

നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് കുട്ടികൾ പ്രസിദ്ധപ്പെടുത്തുന്ന "ഡിജിറ്റൽ മാഗസിൻ - നിലാവ്" വിഭവത്തിലും വിജ്ഞാനത്തിലും പ്രൗഡഗംഭീരമാകട്ടെ എന്ന് ഹൃദയംകൊണ്ട് ആശംസിക്കുന്നു.



**സോമരാജൻപിള്ള എസ്**

**ഹെഡ്മാസ്ററർ**

# എഡിറ്റോറിയൽ ബോർഡ്


| | |
|---|---|
| ചീഫ് എഡിറ്റർ | : സോമരാജൻ |
| സ്റ്റാഫ് എഡിറ്റർ | : മനോജ് എം, വിഷ്ണുലാൽ പി.എ (കൈറ്റ് മാസ്റ്റർ) |
| സ്റ്റുഡൻസ് എഡിറ്റർ. | : അഞ്ജന എസ്  ജയകുമാർ (കൈറ്റ് ലീഡർ ) |
| സബ് എഡിറ്റർ | : ആർദ്രാ സുനിൽ,രാജശ്രീ ആർ |
| കവർ പേജ്. | : അഭയ് കൃഷ്ണ എസ്.പി (കൈറ്റ്സ്റ്റുഡന്റ്) |

## ഡോ. വയലാ വാസുദേവൻപിള്ള മെമ്മോറിയൽ

# ഗവ. ഹയർ സെക്കണ്ടറി സ്കൂൾ,വയലാ

**0474 2438470**



ലിറ്റിൽ കൈറ്റ്സ്

ഐ . ടി . ക്ലബ്ബ്

# ഉള്ളടക്കം

ആമുഖം-----------------------------------------------7
ലഘുചരിത്രം-------------------------------------------8
സ്മരണാഞ്ജലി---------------------------------------10
അമ്മമരം--------------------------------------------11
കുട്ടന്റെപട്ടം-----------------------------------------12
പെൻസിൽ പാട്ടുപെട്ടി-------------------------------13
ക്ലാസ്സ് ടീച്ചർ-----------------------------------------14
കാത്തിരിപ്പ്---------------------------------------------15
വാർദ്ധക്യത്തിന്റ തേങ്ങലുകൾ--------------------------16
പറയുവാൻ ബാക്കി....------------------------------17
ഇടവപ്പാതിപ്പെരുമഴ-------------------------------------18
എൻ കലാലയ ജീവിതം-----------------------------19
രാവുറങ്ങുമ്പോൾ---------------------------------------20
അഭിമാനപുത്രി----------------------------------------21
മഴക്കും മുകിലിനും മുന്നേ...-------------------------------22
ഊതിക്കെടുത്തിയ അന്ധകാരം------------------------23
ദൃശ്യവിരുന്നിന്റെ വിഹായസ്സിലേക്ക്-------------------24
മഞ്ജിമകൾ പൊഴിയുന്ന യാത്രയിൽ--------------------25
അർദ്ധാക്ഷരം പോലെ-------------------------------27
ലോകത്തിന്റെ ശക്തി---------------------------------28
എന്റെ കേരളം----------------------------------------29
പ്രകൃതി സംരക്ഷണം------------------------------------30

ലിറ്റിൽ കൈറ്റ്സ്

ഐ . ടി . ക്ലബ്ബ്

# ആമുഖം

കൊല്ലം ജില്ലയുടെ കിഴക്കൻ മലയോരഗ്രാമപഞ്ചായത്തായ ഇട്ടിവയിലെ വയലേലകൾ നിറഞ്ഞ നാട് വയലാ. ചരിത്രവും ഐതിഹ്യവും പ്രകൃതിരമണീയതയും കെട്ടുപിണഞ്ഞുകിടക്കുന്ന സുന്ദരദേശം. ശിലായുഗസംസ്കാരത്തിന്റെ തിരുശേഷിപ്പായ കോട്ടുക്കൽ ഗുഹാക്ഷേത്രത്തിന് സമീപമാണ് നമ്മുടെ വിദ്യാലയം. ഏകശിലയിൽ കിഴക്കോട്ടഭിമുഖമായി പണികഴിച്ചിട്ടുള്ള ക്ഷേത്രം പുരാവസ്തുവകുപ്പിന്റെ സംരക്ഷണയിലാണ്. നാനാജാതിമതസ്ഥരും സാധാരണക്കാരിൽ സാധാരണക്കാരുമായ ഒരു ജനതയാണ് സ്കൂളിന്റെ ചുറ്റുവട്ടത്ത് അധിവസിക്കുന്നത്. നാടകാചാര്യൻ ഡോ.വയലാ വാസുദേവൻ പിള്ളയുടെ ജന്മനാടായ ഇവിടെ സംസ്ഥാന സാംസ്കാരികവകുപ്പ് അദ്ദേഹത്തിനായി സ്മാരകം നിർമ്മിച്ചിട്ടുണ്ട്. സഹ്യപർവതസാനുവായ മടത്തറയിൽ നിന്നുത്ഭവിച്ച് ഞങ്ങളുടെ ഗ്രാമത്തെ ഹരിതാഭമാക്കുന്ന ഇത്തിക്കരയാർ നാടിന്റെ കുടിനിർവാഹിനിയാണ്. പുത്തൻ പരീക്ഷണങ്ങളുമായി കർഷകർക്കൊപ്പം നിലകൊള്ളുന്ന ജില്ലാകൃഷിത്തോട്ടം സ്കൂളിന്റെ വിളിപ്പാടകലെയാണ്. മയിലുകളുൾപ്പടെയുള്ള അപൂർവ്വ പക്ഷികളുടെയും നിരവധി ചെറുജന്തുജാലങ്ങളുടെയും സാമ്പത്തികമായും പിന്നാക്കാവസ്ഥയിലുള്ളവരെങ്കിലും സമർത്ഥരായ കുട്ടികളാണ് സ്കൂളിന്റെ മുതൽക്കൂട്ട്. നാടിന്റെ സമഗ്രവികസനം വിദ്യാലയത്തിലൂടെ എന്ന കാഴ്ചപ്പാട് സാർത്ഥമാക്കുകയാണ് നാമിവിടെ.

ലിറ്റിൽ കൈറ്റ്സ്

ഐ . ടി . ക്ലബ്ബ്

# ലഘുചരിത്രം

കൊല്ലം ജില്ലയിലെ കിഴക്കൻമലയോരഗ്രാമമായ ഇട്ടിവാ ഗ്രാമപഞ്ചായത്തിലെ ഏക സർക്കാർ വിദ്യാലയമായ വയലാ ഗവ.എച്ച്.എസ് ആരംഭിച്ചത് 1945-75 കാലഘട്ടത്തിലാണ്. ചണ്ണപ്പേട്ട സ്വദേശി ശ്രീ. മാത്തൻ നൽകിയ മൂന്നേക്കർ സ്ഥലവും പൊതുജനങ്ങളിൽനിന്ന് സമാഹാരിച്ച 25000 രൂപയും വിദ്യാഭ്യാസവകുപ്പിന് കൈമാറിയതിനെത്തുടർന്ന് സ്കൂൾ ആരംഭിക്കാൻ അനുമതി ലഭിച്ചു. തുടർന്ന് ജനകീയാടിസ്ഥാനത്തിലുള്ള ഒരു സ്പോൺസറിംഗ് കമ്മിറ്റി ഡോ. വയലാ വാസുദേവൻപിള്ള, ശ്രീ. കെ. എൻ രാമാനുജൻപിള്ള എന്നിവരുടെ നേതൃത്വത്തിൽ രൂപികരിക്കപ്പെട്ടു. സ്കൂളിന്റെ ഔപചാരിക ഉദ്ഘാടനം 2/2/1976 ൽ ചടയമംഗലം എം.എൽ.എയും വൈദ്യുതി മന്ത്രിയുമായ ശ്രീ.എം.എൻ. ഗോവിന്ദൻനായർ നിർവ്വഹിച്ചു. താല്ക്കാലികകെട്ടിടങ്ങളിൽ പ്രവർത്തിച്ചുവന്ന സ്കൂളിനുവേണ്ടി ആദ്യമായി നിർമ്മിച്ച കെട്ടിടം 22/7/1980 ൽ പൊതുമരാമത്ത് മന്ത്രി ശ്രീ.ബേബിജോൺ ഉദ്ഘാടനം ചെയ്തു. 1994 ൽ രണ്ടാമത്തെ കെട്ടിടത്തിന്റെ ഉദ്ഘാടനം അന്നത്തെ പൊതുമരാമത്ത്വകുപ്പ് മന്ത്രി ശ്രീ. പി.കെ.കെ.ബാവ നിർവ്വഹിച്ചു. ആദരീയണരായ ജനപ്രതിനിധികളും നേതാക്കളും പൊതുജനങ്ങളും കാലാകാലങ്ങളിൽ നൽകിയ സഹായസഹകരണങ്ങളും സംഭാവനകളും ആണ് സ്കൂളിനെ ഉയർച്ചയിലേയ്ക്ക് നയിച്ചത്.

ഹയർസെക്കന്ററി തലത്തിലേയ്ക്ക് സ്കൂൾ ഉയർത്തിപ്പെട്ടത് 1997-98 വർഷത്തിലാണ്. ഹ്യമാനിറ്റീസ്, കൊമേഴ്സ്ബാച്ചുകളുമായി ആരംഭിച്ച ഹയർസെക്കന്ററി ക്ലാസുകളുടെ ഉദ്ഘാടനം 30/7/97 ൽ കേരളനിയമസഭാ സ്പീക്കർ ശ്രീ. എം.വിജയകുമാർ നിർവ്വഹിച്ചു. തൊട്ടടുത്ത അദ്ധ്യയനവർഷം സയൻസ് ബാച്ചും ആരംഭിച്ചു. കൊല്ലം ജില്ലയിലെ ഗ്രാമീണ മേഖലയിൽ ആദ്യം ഹയർസെക്കന്ററി കോഴ്സ്

ആരംഭിച്ചത് വയലാ ഗവ.ഹൈസ്കൂളിലാണ്. നാട്ടുകാരും രക്ഷാകർത്താക്കളും സംഭാവനയായി നൽകിയ അഞ്ച് ലക്ഷം രൂപ വിനിയോഗിച്ചാണ് ഹയർ സെക്കന്ററി കോഴ്സുകൾക്കാവശ്യമായ ഭൗതികസാഹചര്യങ്ങളൊരുക്കിയത്. പിന്നീട് വന്ന ജനപ്രതിനിധികളുടെ ആസ്ഥിവികസനഫണ്ടുകളും പൊതുജനങ്ങളുടെയും രക്ഷകർത്താക്കളുടെയും അകമഴിഞ്ഞ സഹായങ്ങളുമാണ് സ്കൂളിനെ ഇന്ന് കാണുന്ന നിലയിലെത്തിച്ചത്.

# സ്മരണാഞ്ജലി

## ഡോ.വയലാ വാസുദേവൻ പിള്ള

മലയാള സാഹിത്യത്തിലെ പ്രസിദ്ധ നാടകകൃത്തായ ഡോ.വയലാ വാസുദേവൻ പിള്ള 1945 ഏപ്രിൽ 22-ന് കൊല്ലം ജില്ലയിലെ വയലാ എന്ന കൊച്ചു ഗ്രാമത്തിൽ ശ്രീ.നീലകണ്ഠ പിള്ളയുടെയും ശ്രീമതി കല്ല്യാണി അമ്മയുടെയും മകനായി ജനിച്ചു.

വയലാ എൻ.വി.യു.പി.സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയായതിനുശേഷം അഞ്ചൽ ഈസ്റ്റ് ഗവ:ഹയർ സെക്കന്ററി സ്കൂൾ, അഞ്ചൽ സെന്റ് ജോൺസ് കോളേജ്, മാർ ഇവനിയോസ് കോളേജ് എന്നിവിടങ്ങളിൽ കലാലയവിദ്യാഭ്യാസം പൂർത്തിയാക്കി. 1968-ൽ എം.എ കഴിഞ്ഞ് മാർ ജവാനിയോസ് കോളേജിൽ 1984 വരെ ഇംഗ്ലീഷ് അധ്യാപകനായി പ്രവർത്തിച്ചു. 1984 മുതൽ കോഴിക്കോട് സർവകലാശാലയുടെ സ്കൂൾ ഓഫ് ഡ്രാമയിൽ അസിസ്റ്റന്റ് ഡയറക്ടർ, തുടർന്ന് ഡയറക്ടർ, കേരള യൂണിവേഴ്സിറ്റി തിരുവനന്തപുരത്ത് ആരംഭിച്ച സെന്റർ ഫോർ പെർഫോമിങ് ആന്റ് വിഷ്വൽ ആർട്സ് എന്ന ബിരുദാനന്തര പഠനകേന്ദ്രത്തിന്റെ ഡയറക്ടർ എന്നീ നിലകളിൽ പ്രവർത്തിച്ചു.

വിശ്വദർശനം, ജയപ്രകാശ് നാരായണന്റെ ജയിൽ ഡയറി, തുളസീവനം, അഗ്നി, രംഗഭാഷ, വരവേല്പ്, കുചേലഗാഥ, ഒരു പക്ഷിക്കുഞ്ഞിന്റെ മരണം, സൂത്രധാരാ...ഇതിലേ...ഇതിലേ...? തുടങ്ങിയവയാണ് പ്രധാനകൃതികൾ.

അദ്ദേഹത്തോടുള്ള സ്മരണാർത്ഥം 2018-ൽ ഗവ:ഹയർ സെക്കന്ററി സ്കൂൾ എന്ന ഞങ്ങളുടെ വിദ്യാലയം ഡോ.വയലാ വാസുദേവൻ പിള്ള മെമ്മോറിയൽ ഗവ:ഹയർ സെക്കന്ററി സ്കൂൾ എന്ന പുനർ നാമത്തിൽ അറിയപ്പെടുന്നു.

ലിറ്റിൽ കൈറ്റ്സ്

ഐ . ടി . ക്ലബ്ബ്

# അമ്മമരം

മരമെന്നാലത് ഇലയാണ്
ഇലയൊരു പാചകപ്പുരയാണ്
മരണമെന്നാലത്
വേരാണ്,അത് കായാണ്
കായെന്നാലോ ഫലമാണ്
ഫലമോ ഏകും രുചിയേറേ
ഫലത്തിനുള്ളിൽ വിത്താണ്
വിത്തൊരു ജീവൻ പുതുജീവൻ
പലവിധ നന്മകൾ ചേർന്നൊരു
തണലാണല്ലോ, അമ്മമരം

ബെറ്റി മാത്യു 10B

# കുട്ടന്റെപട്ടം

**കുട്ടൻ** കെട്ടിയ **പട്ടം**വാനിൽ
മുട്ടിയപോലെ പറന്നു
കുട്ടികളപ്പോൾ ആർത്തുവിളിച്ചു
പട്ടം ചേലിലുയർന്നു,
പെട്ടെന്നയ്യോ, നൂലു മുറിഞ്ഞു,
പട്ടം വാനിൽ മറഞ്ഞു!

അർദ്രാ എസ്.ആർ
8C

# പെൻസിൽ പാട്ടുപെട്ടി

ചെറിയ ഒരു കാർഡ്ബോർഡ് പെട്ടി, മൂന്നോ, നാലോ റബ്ബർ ബാൻഡ്, രണ്ടു പെൻസിൽ. ഇത്രയും സാധനങ്ങൾകൊണ്ട് രസികനൊരു സംഗീതപ്പെട്ടി ഉണ്ടാക്കാം!അദ്യമായി റബ്ബർബാൻഡുകൾ കാർഡ് പെട്ടിയുടെ മുകളിൽ നീളത്തിൽ ചുറ്റുക. ഇനി ഇവയ്ക്കിടയിലൂടെ പെൻസിൽ കയറ്റിവയ്ക്കാം. റബ്ബർ ബാൻഡുകളിൽ മറ്റൊരു പെൻസിൽ കൊണ്ട് ചെറുതായി തട്ടിനോക്കു വ്യത്യസ്ത ശബ്ദങ്ങൾ ഉയരും. പെൻസിലുകൾ തമ്മിലുള്ള അകലം മാറ്റുന്നതിനനുസരിച്ച് ഉണ്ടാകുന്ന ശബ്ദത്തിനു മാറ്റം വരുന്നു.

ഇത് കുറച്ചുകൂടി രസകരമാക്കാൻ ഒരു വഴിയുണ്ട്.

പെട്ടിയുടെ നടുഭാഗം ഇടത്തേ ചിത്രത്തിൽ കാണുന്നതുപോലെ മുറിച്ചു കളയുക. പെൻസിൽകൊണ്ട് തട്ടുമ്പോൾ റബ്ബർ ബാൻഡിൽ ഉണ്ടാകുന്ന വിറയൽ ചുറ്റുമുള്ള വായുവിൽ കമ്പനം സൃഷ്ടിക്കുന്നു. അങ്ങനെയാണ് ഒച്ച കേൾക്കുന്നത്. റബ്ബർ ബാൻഡുകൾ പല ശക്തിയിൽ വലിച്ചു കെട്ടിയാൽ ശബ്ദത്തിന് മാറ്റം വരും.



അർദ്രാ എസ്.ആർ
8c


ലിറ്റിൽ കൈറ്റ്സ്

ഐ . ടി . ക്ലബ്ബ്

# കാത്തിരിപ്പ്

കാത്തിരിക്കുന്നു ഞാൻ വീണ്ടുമീ-
വേളയിൽ
വർണ്ണങ്ങൾ വറ്റുന്ന കണ്ണുമായി
പിരിയുന്നു നീ എന്നിൽ
നിറയുന്നു ഞാനെന്നിൽ
ഇരുളിന്റ നിറമാണു നമ്മളിൽ
നിഴലും,നിരാശയും
തഞ്ചത്തിൽ കൊഞ്ചുന്ന നിൻ സ്വരമൊന്നു
കേൾക്കാൻ കൊതിക്കുന്നു ഞാനിന്ന്
പറക്കുന്ന പക്ഷിയപ്പോൾ നമുക്കിന്നു-
പാറിപ്പറക്കാം
കൈകോർക്കാൻ നമുക്കിന്നു പിരിയാതെ-
മറയാതെ
ഓർക്കുന്നു നിന്നെ ഞാനീവേളയിൽ

നന്ദന യു.എസ്



# ക്ലാസ്സ് ടീച്ചർ

ചെറു ബെഞ്ചുകളുണ്ടിത്തിരിയെണ്ണം
അവയിലിരിപ്പൂ കുഞ്ഞുങ്ങൾ
വിടരാൻ വെമ്പും പൂമൊട്ടുകൾ പോൽ
അവരുടെ മുന്നിൽ ക്ലാസ്സ് ടീച്ചർ
ഇതളുകൾ തോറും പരിമളമിത്തിരി
യലിവോടു പൂശാനെത്തുന്നോൾ
കുടമുല്ലപ്പൂവഴകിൻ ചിരിയും
കരുണ നിറഞ്ഞൊരു തേന്മൊഴിയും
ദേവതപോൽ നിറയുമെൻ ക്ലാസ്സ് ടീച്ചർ

സൗപർണ്ണിക സി.എസ്9C

# വാർദ്ധക്യത്തിന്റ തേങ്ങലുകൾ

വാർദ്ധക്യമിന്നെന്നെ ബാധിച്ചിരിക്കുന്നു
മർത്ത്യജന്മത്തിനവസാന കാലം ബാല്യവും,
കൗമാരയൗവനവും
എത്രയോ കാലം കടന്നുപോയി
പോയകാലത്തിന്റ ഓർമ്മകൾ പേറി-
യിന്നു ഞാനാരോരുമില്ലാതെയേകനായി...
അന്നത്തെയന്നത്തിനായി നിത്യം
ആരോടെന്നില്ലാതെ  കൈകൾ നീട്ടി
അലയുന്ന ഞാനിന്ന്  ദു:ഖിതനായി-
നല്ല കാലത്തു ഞാൻ സ്നേഹിച്ച  ബന്ധുക്കൾ,ഭാര്യയും, മക്കളും
കൊച്ചുമക്കൾആരോരും ആശ്രയമില്ലയിന്ന്-
ഓർക്കുമ്പോൾ ഉള്ളിലൊരുതേങ്ങൽ മാത്രം.
മാനവജന്മത്താനവസാന കാലം
വാർദ്ധക്യമെന്തെന്നറിഞ്ഞിരിപ്പൂ-
ഇന്നെന്റ  സങ്കടം എനിക്കു മാത്രം
നാളയീ സങ്കടം നിങ്ങൾക്കു  സ്വന്തം.

നന്ദന യു.എസ്
൧൮

# പറയുവാൻ ബാക്കി....

നീയായിരുന്നെന്റെ ലോകം
നീയായിരുന്നെന്റെ നയനം
ആന്ധനായെന്നെ നീ പിരികയല്ലോ മകളേ,
ഇനി ഞാൻ വെറും ബാഷ്പം മാത്രം
മധുവില്ലാ അലർ പോലെ മാത്രം.
ജീവിതത്തിൽ നിന്നു പിരിയുന്ന നിഴലേ,
ഇവിടെ ഞാൻ ഏകാകിയാണ്
കുങ്കുമം ചാർത്തി ഉണർന്ന എൻ പുലരിയെ,
എങ്ങുപോയ് എന്റെ നിഴലും
എങ്ങുപോയ് എന്റെ മകളും ......
ഇനി ഞാൻ വെറും വഞ്ചി മാത്രം
തുഴയില്ലാ വഞ്ചിപോൽ മാത്രം.
മരണത്തിൻ ആഴിയിൽ നീന്തുന്ന മകളേ,
അച്ഛനെ കൂട്ടുകയില്ലേ.....
നീയും ആലിയുകയാണ് ഈ മണ്ണിലും
ഇനിയെൻ ഊഴമാ എൻ ജീവനെ
തീരുകയാണ് ഈ ജീവൻ
ഒരു ചെറു പാശത്തിൻ തുമ്പിൽ
അന്നുമെൻ പീലിയിൽ വാർന്നു
പറയുവാൻ ബാക്കിയായ് ബാഷ്പം.......

രാജശ്രീ.ആർ 8D

ലിറ്റിൽ കൈറ്റ്സ്

ഐ . ടി . ക്ലബ്ബ്

# ഇടവപ്പാതിപ്പെരുമഴ

വരൾച്ചയിൽ കരിഞ്ഞ് വിണ്ടടർന്ന പൊട്ടിയ മനസ്സ് നിശബ്ദതയുടെ ഏകാന്തതീരത്തു ഒരു തുള്ളി ജലത്തിനായി കേണുകേണലയുന്നു. ഉമ്മറത്തിണ്ണയിൽ തുണിനോടുചാരി സ്വപ്നങ്ങളുടെ അത്ഭുത ലോകത്തു നിന്നും ദുഃഖിതയായി പടിയിറങ്ങേണ്ടിവന്നയെനിക്ക് ഒരു മന്ദമാരുതൻ പോലും ആശ്വാസമേകിയില്ല. ദുഃഖിതയായിരുന്ന എന്റെ നെറുകയിൽ ഒരു ജലകണം വന്നുപതിച്ചു. എന്റെ മനസ്സാകുന്ന മരുഭൂമിയിൽ വർഷങ്ങായി മഴക്കുവേണ്ടി കാത്തിരുന്ന നാളുകൾ അവസാനിച്ചിരിക്കുന്നു. മഴപെയ്തു,പെഴുമഴ, ഇടവപ്പാതിപ്പെരുമഴ.... മനസ്സിൽ പുതുനാമ്പുകൾ മൊട്ടിട്ടുണർന്നു.ഇടിയും, മിന്നലും വിരുന്നു വന്നു. കാറ്റ് ഇതിനിടയിൽ ഒളിഞ്ഞുനോക്കിയതുപോലെ എനിക്കു തോന്നി.അന്ധകാരത്തിൽ പൂണ്ടു വർഷങ്ങളായി രക്ഷയാചിച്ച കേണുകേണലഞ്ഞ എന്റെ മനസ്സിവന്നു
ഇടിയും മിന്നലും ഒരായിരം പ്രകാശം നിറച്ചു.പൂവനിറഞ്ഞു, തോടു കവിഞ്ഞൊഴുകി . കിളികൾ വ്യൂട്ടിലേക്ക് യാത്രയായി വളകൾ സന്തോഷത്തോടെ തുള്ളിച്ചാടി. ചേമ്പിലയിൽ മഴത്തുള്ളികൾ വന്നു നൃത്തം ചെയ്യുന്നു. ഓട്ടിൻപുറത്തു വന്നുവീഴുന്ന മഴവെള്ളം ചറപറ ശബ്ദത്താൽ പാട്ടുപാടുന്നു. അങ്ങനെ അവസാനം ഞാനും അവരുടെ സന്തോഷത്തിനൊപ്പം പങ്കുചേർന്നു. ഈമഴയെ ഞാനൊരിക്കലും മറക്കില്ല . അങ്ങനെ ഈ അനുഭവം എന്റെ മനസ്സാകുന്ന കലണ്ടറിൽ വരച്ചിടുന്നു.

നന്ദന യു.എസ്
9C

ലിറ്റിൽ കൈറ്റ്സ്
ഐ . ടി . ക്ലബ്ബ്

# എൻ കലാലയ ജീവിതം

സ്നേഹ ബാഷ്പത്തിൽ ഉണരുന്ന
എൻ കലാലയ ജീവിതം തൻ
ഉൾക്കൊമ്പ് നണയുന്ന സ്നേഹമായ് വന്നു
കലപിലകൂട്ടിയ വരാന്തകളിലും എൻ
സൗഹൃദക്കൂട്ടായ്മ ഉണരുന്നു
എങ്കിലും തനിയെ വന്നൊരു ജീവിതമായ്
എൻ കലാലയ ജീവിതം മനമാകെ
വിടരുന്ന സ്നേഹമായ് വന്നു
ഒരിക്കലും മറക്കില്ല എൻ കലാലയ ജീവിതം
മരണമെൻ കൂടെയെന്നുണ്ടാകുമെൻ
ഓർമ്മകൾ

സൗപർണ്ണിക സി.എസ്
9C

ലിറ്റിൽ കൈറ്റ്സ്
ഐ . ടി . ക്ലബ്ബ്

# രാവുറങ്ങുമ്പോൾ

പകൽ വിടചൊല്ലി പോകവേ,
നീ വരവായി ത്രിസന്ധ്യയായ്,രാത്രിയായ്.
പാതിരാവിൽ നീയുറങ്ങുമ്പോൾ
ഞാനുറങ്ങുന്ന എൻ ചിന്തകൾ,
സ്വപ്നങ്ങൾ,സർവ്വചരാചരങ്ങളും
നിനക്കു കൂട്ടായി വെളിച്ചമായി
മിന്നുന്ന മിന്നാമിനുങ്ങും,താരകങ്ങളും.

നന്ദന യു.എസ്
9C

ലിറ്റിൽ കൈറ്റ്സ്
ഐ . ടി . ക്ലബ്ബ്

# അഭിമാനപുത്രി

മേരി ക്യൂറി, മേരി ക്യൂറി,
പോളണ്ടിൻ പ്രിയപുത്രി
ജനിച്ചുവളർന്ന പോളണ്ടിൽ
പഠിച്ചുയർന്ന പാരീസിൽ
സ്വപ്നം കണ്ടൊരു ശാസ്ത്രത്തിൽ
ഗവേഷണങ്ങളിൽ മുഴുകിയവൾ
നിരവധി നിരവധി പരീക്ഷണങ്ങളിൽ
വിജയം കണ്ടവൾ സന്തോഷിച്ചു
കണ്ടുപിടിച്ചവൾ മൂലകങ്ങൾ
പൊളോണിയവും റേഡിയവും
ഊർജ്ജതന്ത്രം, രസതന്ത്രത്തിൽ
നൊബേൽ പ്രൈസും വാങ്ങിയവൾ
കുതിച്ചുയർന്ന ലോകത്തിൽ
ജ്വലിച്ചുകത്തി ശാസ്ത്രത്തിൽ
ശാസ്ത്രത്തിൽ നവ മാറ്റമുണർത്തി
പിടിച്ചടക്കി ലോകത്തെ
ശാസ്ത്രത്തിന്റെ വിളക്കൊരു നാളിൽ
വിടപറഞ്ഞു ലോകത്തോട്
മറക്കില്ല ശാസ്ത്രം അവരുടെ നാമം
നറക്കില്ലയിനിവരും തലമുറക്കാർ

നന്ദന യു.എസ്, 9C

# മഴക്കും മുകിലിനും മുന്നേ...

നീലാകാശത്തിന്റെ ഏകാന്തതീരത്തുനിന്നും മഴക്കോണിൽ എവിടയോ ഒളിച്ചുകിടക്കുന്ന കുഞ്ഞു-കുഞ്ഞു സ്വപ്നങ്ങൾ എന്നേ യാത്രചോദിച്ചുവിടവാങ്ങി . ഞാൻ ആർക്കുവേണ്ടിയോ കാത്തിരിക്കുന്നു. പക്ഷേ അത് ആരാണെന്നെനിക്ക് അറിയില്ല. ചിലപ്പോൾ വിധിയെനിക്കുവേണ്ടി കാത്തുവച്ച മുത്തുമണി-കളായിരിക്കാം. അല്ലെങ്കിൽ അത് വിധിയുടെ തീനാളങ്ങളായിരിക്കാം. എന്റെ കണ്ണിൽ നിന്നും വാർന്ന ഓരോതുള്ളി കണ്ണുനീരിനും ആയിരം ദുഃഖങ്ങൾ പറയാനുണ്ട്. എന്റെ മനസ്സ് എന്നും എന്നെ നയിച്ചത് സ്വപ്നങ്ങളുടെ ഇരുണ്ട താഴ്വരയിലേക്കായിരുന്നു. അവിടെ ഒരു കുഞ്ഞുമണി വെട്ടത്തിനായി ഞാൻ വർഷങ്ങളോളം കാത്തിരുന്നു. പക്ഷെ ഒരു മിന്നാമിനുങ്ങ് പോലും എന്റെ യാചന കേട്ടില്ലെന്ന് നടിച്ചു. ഇന്നും സൂര്യനുദിച്ചു അസ്തമിച്ചു. തനിക്കു കാണാനായില്ല. അതിനു കാരണം ആ നക്ഷത്രക്കണ്ണുകളായിരിക്കാം .അല്ലെങ്കിൽ മഴക്കും , മുകിലിനും മുൻപേ മൗനം മാത്രം തന്ന് സമ്മാനിച്ച് വിടച്ചൊല്ലിയ എന്റെ കുഞ്ഞുസ്വപ്നങ്ങളാണോ. ചുട്ടുപൊള്ളുന്ന മണലാരിണ്യത്തിലൂടെ നടന്നകലുമ്പോൾ ,ഹിമമാസശ്വേതളിമ ആസ്വദിക്കുമ്പോഴും എന്നെ ചിരിക്കാൻ പഠിപ്പിച്ച ആ നക്ഷത്രക്കണ്ണുകളെ ഞാൻ മറന്നോ? അതോ ഞാൻ മറന്നെന്നുനടിക്കുന്നോ? എനിക്കറിയില്ല . പക്ഷെ എനിക്കൊന്നറിയാം ! ആ നക്ഷത്രക്കണ്ണുകൾ എന്റെ ഹൃദയത്തിലെവിടയോ ഇടം നേടുന്നു.

നന്ദന യു.എസ്, 9C

ലിറ്റിൽ കൈറ്റ്സ്

ഐ . ടി . ക്ലബ്ബ്

# ഊതിക്കെടുത്തിയ അന്ധകാരം

ഇരുളിൽ തിരിതെളിയിച്ച് ആ അതിഥി യാത്രയായി. ഒരു കുടിലിൽ നിറയെ സ്വപ്നങ്ങൾ വാരിവിതറി....കൂടെ ആഹ്ലാദത്തോടെ സൂര്യനും. രാത്രിയുടെ ആ നിശാന്തതയെ തള്ളിനീക്കി സിംലയുടെ ആകാശം പോലെയുള്ള നയനങ്ങൾ നിറയെ സ്വപ്നങ്ങൾ നിറഞ്ഞു നിന്നു. എണ്ണാനാവാത്ത ചോദ്യത്തിനുത്തരമായി അവളുടെ മാതാപിതാക്കൾക്ക് മിന്നുന്ന നക്ഷത്രങ്ങളും പാൽക്കിണ്ണം പോലുള്ള ചന്ദ്രനും താരകങ്ങളും മാത്രം. ഹിമാലയത്തിന്റെ തണുത്ത താഴ്വരയിൽ ഇളംകാറ്റിനോടൊപ്പം പാറിപ്പറക്കുന്ന അവരുടെ കിനാവുകൾ അവർക്ക് തൃപ്തികരമായിരുന്നില്ല.

ഇലകളിലെ തണുത്ത മഞ്ഞുനീർ ഇറ്റിറ്റുവീഴുന്നു; പിതാവിന്റെ പുതിയ ചിന്തകൾ മനസ്സിലും. ആ ചിന്തകൾ അദ്ദേഹത്തിന് തേൻതുള്ളിയുടെ മാധുര്യത്തേക്കാൾ ഇംബമായി അനുഭവപ്പെട്ടു. ബിക്രം സിംങ്, തന്റെ ഓമന പുത്രൻ, താൻ താൻ ഉണ്ടായിട്ട ചെറു പ്രായത്തിലേ അധ്വാനത്തിലേക്ക് പടികയറിയവനാണവൻ. ഇന്നിതാ അവന്റെ നാട്ടിൽ നിന്നും ഒരു സുഹൃത്ത് തന്റെ ജീവിതത്തിൽ മകന്റെ ഉന്നമായി എത്തുന്നു. അദ്ദേഹത്തിന്റെ ചിന്തകൾ പല രീതിയിൽ വഴിമാറിപ്പോയി.

ജമീന്ദാർമാരുടെ പാവപ്പെട്ടവന്റെ ജീവിതം മുഴുവൻ ചൂഴ്ന്നെടുക്കുന്നകഴുകൻ കണ്ണുകൾ സിംലയെ അലട്ടുമ്പോഴും തന്റെ ഭായിക്കായി താൻ കൊടുത്തയച്ച ഒരു പിടി വെള്ളാരങ്കല്ലുകൾ അവളെ പിന്തുടർന്നു. തനിക്ക് മതിയാവോളം വാത്സല്യം പകർന്നുകൊടുക്കാനാകാതെ പൈൻമരങ്ങൾക്കിടയിൽ വിയർപ്പുതുള്ളിയാകുന്ന ഒരു പിടി ഉണക്ക റൊട്ടിക്കപ്പുറം മറ്റെന്തോ വാങ്ങാൻ ആഗ്രഹിച്ച് അധ്വാനത്തിന്റെ നൂൽപടി ചവിട്ടിയ മകനെ ഒന്നു തലോടുവാനും ആലിംഗനം നൽകാനും ആ മാതൃഹൃദയം വിങ്ങിപ്പൊട്ടി.

എവിടേയ്ക്കോ പോയുറഞ്ഞ പുത്തൻ ഉണർവും, ആകാംശയും ആ ചെറുകുടിലിനെ ആഘോഷമാളിയാക്കി മാറ്റി. മനസ്സിൽ ഒതുക്കി വച്ചിരുന്ന നിസ്സീമമായ സ്നേഹവും വാത്സല്യവും ഒരു നിമിഷത്താൽ പൊട്ടി വിടർന്നു. നിസ്സ്വാർത്ഥ സ്നേഹത്തിന്റെ ഉടമ്പടികളായ ആ മനസ്സുകളിലെ പ്രതീക്ഷ വർദ്ധിച്ചു. അവരുടെ സ്വപ്നത്തെിന്റെ ആഴവും തണുപ്പും നിമിത്തത്താൽ നിദ്ര എന്ന ആഴിയിൽ ആഴ്ത്തപ്പെട്ടു..........

രാജശ്രീ.ആർ

8D

# ദൃശ്യവിരുന്നിന്റെ വിഹായസ്സിലേക്ക്..

നിലാവ് മതിമറന്ന പെയ്യുന്ന രാത്രി.ആരെയും കൊതിപ്പിക്കുന്ന ഒരു സുഗന്ധം ഇളം കാറ്റിനെ തലോടി മെല്ലെ ചന്ദ്രനൊപ്പം എത്തി.ഞാൻ വീടിന്റെ പുറത്തിറങ്ങി.അവിടെയതാഅവൾ പൂത്തുലഞ്ഞു നിൽക്കുന്നു.വെള്ളപ്പുടവ ചുറ്റി 'പോൺസ്' എന്ന ആ ചെടിയുടെ സുഗന്ധവും ശോഭയും എന്നെ കൊണ്ടുപോയത് അവളുടേതായ ഒരു മാസ്മരിക ലോകത്ത് തന്നെ.ഓരോ ചുവടുവച്ച് അവളുടെ അടുത്തേക്ക് പോകുമ്പോഴും സുഗന്ധത്തിന്റെ പരവതാനിയിൽ എന്നെ പൊതിയുകയാണ്അവൾ.എന്ത് മണവും ഭംഗിയുമാണ്.സുഗന്ധതാഴ്വരയിൽ താരങ്ങൾക്കൊപ്പം നിൽക്കുന്ന ചന്ദ്രൻ പോലും തോറ്റുപിൻവാങ്ങുകയാണ്.ഞാൻ കാണിച്ച ഏതോ കുസൃതിക്കുള്ള അമ്മയുടെ ശകാരവചനങ്ങൾ പോലും ആ സമയം ഞൻ വകവച്ചില്ല.

രാത്രിയുടെ കരിയാൽ മറഞ്ഞു നിൽക്കുന്ന തളിരിട്ട ഇലകൾ ആദരിച്ച് ചുടുചുംബനം നൽകുന്നു.ഈ ലോകം മുഴുവൻ ശോഭയാർന്ന സ്നേഹത്തോടെ നോക്കുന്നതായി എനിക്ക് തോന്നി.പൂന്തോട്ടത്തിൽ ഒറ്റയ്ക്ക് പാറി നടക്കുന്ന തുമ്പിയെപോലെ ഒരു ചെടിമാത്രം ഇരുട്ടിന്റെ നിലാവെളിച്ചത്തിൽ ചെറുചിരിയോടെ വിടർന്നു നിൽക്കുന്ന ആ അവിശ്വസനീയമായ കാഴ്ചയിൽ മതിമറന്ന് നിൽക്കുകയാണ് പൊൻതുവൽ പോലെ എൻ നയനങ്ങൾ.

രാജശ്രീ.ആർ 8D

# മഞ്ജിമകൾ പൊഴിയുന്ന യാത്രയിൽ...

നിലാവിന്റെ മായാകാഴ്ചയിൽ നിന്നും പടികയറിയ ഞാൻ വഴുതിവീണത് ചിരിയുടെ പ്രപഞ്ചത്തേക്കാണ്.ഇളം കാറ്റിന്റെ തഴുകലിനാൽ കുളിരുകോരി നിൽക്കുന്ന വൃക്ഷങ്ങൾ ഓടിത്തുടങ്ങി.പാട്ടുകളുടേയും കഥകളേയും കലാ വേദി അരങ്ങേറുകയായി.അച്ഛന്റെ സുഹൃത്തുക്കളുടെ കുടുംബങ്ങൾ കർണ്ണാടയിലേക്ക് പോകുന്നതിന്റെ ആഘോഷമാണിത്.ഒപ്പം ഞങ്ങളുടേയും. നിശബ്ദതയ്ക്ക് ഒട്ടും പാതയില്ലാത്ത ആ ബസ്സിൽ നിദ്രയിലേക്ക് പോകാൻ ആർക്കും തിടുക്കമില്ലായിരുന്നു. ഞങ്ങളുടെ അന്തരാത്മാവിൻ ജീവനുള്ളിൽ നിന്നും പൊട്ടിപ്പുറപ്പെടുന്ന ആഘോഷങ്ങൾക്ക് പിന്തുണപ്രഖ്യാപിച്ചുകൊണ്ട് ആകാശവും പ്രതികരിച്ചു. ആ മഴയിൽ കുളിർത്ത ഞങ്ങൾക്ക് ക്ഷേത്രത്തിൽ എത്താൻ ആകാംക്ഷയായിരുന്നു.

ഇരുട്ടിന്റെ നിലാവെളിച്ചം വഴിമാറി. പ്രഭാതം ഉണർന്നു. പ്രാഥമികകൃത്യങ്ങളിൽ മുഴുകിയ ഏവരും തിരക്കിലായിരുന്നു;കൂടെ ഞാനും. 'ഓം' എന്ന വിശിഷ്ടവാക്യം എഴുതിയ ഒരു കഷ്ണം തുണി ചുറ്റി എല്ലാ പുരുഷന്മാരും അമ്പലമുറ്റത്ത് കാൽകുത്തി.സ്വർവിഗ്രഹം അതാ ആനയിക്കുന്നു. മനോഹരമായ ശില്പശാലപോലെ ആ തേര് എങ്ങും തിളങ്ങി. ക്ഷേത്രത്തിന്റെ മനോഹാരിത എന്നോട് എന്തോ വിളിച്ചു പറയുന്നതായി എനിക്കു തോന്നി. റാണിയെ തോഴിമാർ ആനയിക്കുന്നതുപോലെ ആ കാഴ്ച എങ്ങും വിളങ്ങി. അതുപേക്ഷിക്കാൻ എനിക്കു തോന്നിയില്ല. ഞങ്ങൾ കുളിരിന്റെ ലോകത്തേക്ക് അടിവച്ചു.

'കുടജാദ്രി', സാഹസികമായ യാത്ര. എന്നെ വിസ്മയഭരിതയാക്കിയ യാത്ര. മഞ്ഞിന്റെ നേർത്ത തുള്ളികളും സ്പർശനമേറ്റു നിൽക്കുന്ന ചെടികളും ഞങ്ങളെ വരവേറ്റു. ഓരോ ചുവടിലും ഓരോ സൗന്ദര്യം പകരുന്ന ദൃശ്യം നൽകിയ ആ യാത്രയിൽ ക്ഷീണം ഒന്നുമായിരുന്നില്ല. മഞ്ഞിന്റെ കവചംകൊണ്ട് ഞങ്ങളെ മൂടിയ ആ പ്രദേശത്തിലെ ചെറിയ ക്ഷേത്രം വലിയ അനുഭവമായിരുന്നു.അവിടെ,പടിയിലിരുന്ന് മഞ്ഞിൻ പാളി ശ്വാസത്തിനോടൊപ്പം വലിച്ചു വിട്ടു.

ലിറ്റിൽ കൈറ്റ്സ്

ഭൂമിയിൽ നിന്നും നീരാവിയിയായ മഞ്ഞുതുള്ളികൾ അങ്ങനെ അനുഭവത്തിന്റെ ആഴിൽവീണു. ഒരായിരം പൊൻമുത്തുകളുമായി. എങ്കിലും ആ യാത്രയിൽ, വഴിയോരങ്ങളിൽ പൊഴിഞ്ഞ മഞ്ജിമകളുടെ നാദം എങ്ങും തുളച്ചുകയറി. എന്നും........

രാജശ്രീ.ആർ 8D

# അർദ്ധാക്ഷരം പോലെ......

അകലുന്ന നീയന്ന് എന്റെ കൺമുന്നിലായ്
കൊഴിയുന്ന പനിനീർ ദളങ്ങൾ പോലെ.
പിരിയുന്ന വേളയിൽ നീ തന്ന വാക്കിന്റെ
നുലറ്റു വീഴുന്നതെൻ ദൃഷ്ടിയിൽ.

ഞാൻ തന്ന സ്നേഹത്തിൻ,
നീ തന്ന വാക്കുകൾ
എൻ ഹൃദയത്തിൽ ഇന്നൊരു മുതമായി
എന്തിനു ഞാൻനെന്റെ സ്നേഹത്തെ
നിന്നിലേക്കെത്തിച്ചു വെറുതേ?

ആമോഹം എന്നിലെ സ്നേഹമായ് മാറുമ്പോൾ
കത്തിജ്വലിക്കുന്നതെൻ സ്നേഹം മാത്രം.
ഇന്നെന്റെ മിഴിനീർ കണത്തിൽ കുതിർന്നത്
അന്നു തകർന്ന എൻ സ്നേഹം മാത്രം.

അകലുന്ന നാൾ മുതൽ,
അകലാത്ത വേളയായ്
മാറുമെ ഇന്നെന്റെ ജിവിതത്തിൽ
നീതന്ന വേർപാടിൽ തീർന്ന എൻ ജീവിതം
ആർക്കായ് ഞാനിന്നു കാത്തുവയ്പൂ.....

രാജശ്രീ.ആർ 8D

# ലോകത്തിന്റെ ശക്തി

ഈ ലോകത്തിന്റെ ഏക ശക്തി ആരാണ് എന്ന ചോദ്യത്തിന് ഒരൊറ്റ ഉത്തരമേയുള്ളു:അമ്മ. ലോകത്ത് അമ്മയെക്കാൾ വലുപ്പം വേറൊന്നിനും. ഒരു പെൺകുട്ടിയെ അപേക്ഷിച്ച് അവർ ഈ ലോകത്തിൽ എന്തും വിശ്വാസത്തോടെ തുറന്ന് പറയാൻ പറ്റിയ വ്യക്തി അവരുടെ അമ്മയാണ്. ഒരു ആൺകുട്ടിയെ അപേക്ഷിച്ച് അവന്റെ ഇഷ്ടാനിഷ്ടങ്ങൾ ക്കെല്ലാം കൂട്ടുനിൽക്കുന്നത് അമ്മയാണ്. “മലയാളം എന്ന നാലക്ഷരമല്ല അമ്മയെന്ന ഒരൊറ്റക്ഷരമാണെന്റെ മലയാളം" എന്ന് കവികൾ പറഞ്ഞിട്ടുണ്ട്

ഇന്ന്,സ്വന്തം അമ്മയെ നാം വൃദ്ധസധനങ്ങളിലും അനാധാലയങ്ങളിലും കൊണ്ടുവിടുന്നു. നവതലമുറകൾ അമ്മ എന്ന ശക്തിക്ക് പ്രാധാന്യം നൽകുന്നില്ല. അവരുടെ ആവശ്യങ്ങൾ കഴിഞ്ഞ് അമ്മമാരെ പുറംതള്ളുകയാണ്.എന്നാൽ ഇന്ന് ഈ അമ്മമാരെ ദ്രോഹിക്കുന്ന ഒരുനാൽ അവരും ഈ നിലയിൽ എത്തുമെന്ന് ചിന്തിക്കുന്നില്ല.നാം ഇപ്പോൾ നമ്മുടെ മാതാപിതാക്കളെ എത്രത്തോളം വേദനിപ്പിക്കുന്നോ അതിനിരട്ടി നാം അനുഭവിക്കും.ഇന്നത്തെ കുട്ടികൾ അവരുടെ അമ്മയ്ക്ക് വേണ്ടത്ര ബഹുമാനമോ കരുതലോ നൽകുന്നില്ല.എന്നാൽ നാം ഒരുനാൾ മനസ്സിലാക്കും ഈ ലോകത്തി മറ്റ് ഏതിനേക്കാൾ ശക്തിയേറിയത് ഭൂമിമാതാവാണെന്ന്. അമ്മയുടെ ചൂടിൽ ആയിരിക്കണം ഇനി വളരുന്ന ഓരോ കുട്ടികളും.

ജ്യോതിക രാജ്.എസ് 8D

# എന്റെ കേരളം

എത്ര സുന്ദരമാണെൻ കേരളം
നാനാ ജാതി മതസ്ഥർ എൻ കേരളത്തിൽ
പക്ഷിമൃഗാധികൾ ഒട്ടേറെയുണ്ട്
ഒത്തൊരുമയുള്ളതാണ്യെൻ കേരളം.

വർണ്ണത്തിളക്കമായ ശലഭങ്ങളും
പീലിവിടർത്തിയാടും മൈലുകളും
മാനുഷ്യ നാദത്തിൽ ഉരചെയ്യും തത്തയും
ഒത്തുചേർന്നതാണെൻ കേരളം.

പച്ചപ്പ് നിറഞ്ഞ ഈ പ്രകൃതിയിൽ
പച്ചപുതപ്പിട്ടു നിൽക്കും വയലുകൾ
ഒരു കാലത്തിൽ ആ വയലുകൾ കനകമാകും
ഓർത്തിരിക്കേണ്ടതാണ് എൻ കേരളം.

കള കളമായി ഒഴുകിവരും കാട്ടാറുകൾ
ഓരോ വാർത്തകൾ സമുദ്രത്തിൽ നിന്നും
നമ്മളിലേക്കെത്തിക്കും തിരമാലകൾ
ഒന്നുകാണേണ്ടതാണെൻ കേരളം.

ജ്യോതിക രാജ്.എസ് 8D

# പ്രകൃതി സംരക്ഷണം

മനുഷ്യനാണ് ജീവിതമാർഗ്ഗങ്ങളിൽ ഏറ്റവും ഉയർന്നത്.പ്രകൃതിയെ ആശ്രയിച്ച് ജീവിതം തുടങ്ങിയ മനുഷ്യൻ സ്വന്തം ഇച്ഛാശക്തിയും മേഘാശക്തിയുംകൊണ്ട് പ്രകൃതിയെ കീഴടക്കി. ആധുനിക സാങ്കേതിക വിദ്യകൾ പുരോഗമിക്കുന്നത് പ്രകൃതിക്ക് ഭീഷണി ഉയർത്തിക്കൊണ്ടാണ്.

മനുഷ്യനാവശ്യമുള്ളതെല്ലാം അമ്മയായ പ്രകൃതി കനിഞ്ഞു നൽകുന്നുണ്ട്. എന്നാൽ ഇതുകൊണ്ടൊന്നും തൃപ്തിപ്പെടാത്ത മാനവൻ പ്രകൃതിയെ ചൂഷണം ചെയ്തുകൊണ്ടേ ഇരിക്കുന്നു. കേരളത്തിലെ ഹരിതമേഘലയായ അട്ടപ്പാടി ഇപ്പോൾ തരിശു ഭൂമിയായി മാറിരിക്കുന്നു. മനുഷ്യപാദമേൽക്കാത്ത കന്യാവനങ്ങൾ ഇന്നില്ലാതായിരിക്കുന്നു. കാടുകളാണ് ജീവന്റെ നിലനിൽപ്പിനാധായം. നമ്മുടെ ജീവവായുവായ ഓക്സിജന്റെ അളവ് നിയന്ത്രിക്കുന്നതും അവകളാണ്. ജല ശ്രോതസ്സുകളുടെ നിലനിൽപ്പിന് സസ്യങ്ങൾ കൂടിയേ തീരൂ. വനങ്ങൾ പ്രകൃതിയുടെ ആദ്യ സന്തതികളാണ്. അവയില്ലെങ്കിൽ വരും തലമുറ കനത്ത നഷ്ടങ്ങൾ സഹിക്കേണ്ടിവരും.

ആഗോളവൽക്കരണത്തിന്റെ ഭാഗമായി കൊക്കക്കോളാ,പെപ്സി തുടങ്ങിയ കമ്പനികൾ നമ്മുടെ കൊച്ചു കേരളത്തിൽ കടന്നെത്തിയിരിക്കുന്നു. നമ്മുടെ നദികളിലെ ജലം മലിനമാക്കപ്പെടുന്നു. കരിമണൽ ഖനനം മൂലം പുഴകളുടെ ആഴം കൂടുന്നു. ഇത് മത്സബന്ധന സാധ്യതകൾ കുറക്കുന്നു. നമ്മുടെ മണ്ണും ജലവും സസ്യജീവജാലങ്ങളും നശിപ്പിച്ച്കൊണ്ട് മനുഷ്യനുമാത്രം ഒരു നിലനിൽപ്പില്ല. സ്വാർത്ഥലാഭത്തിനുവേണ്ടി പ്രകൃതിയിലേക്കു കടന്നുകയറി സമ്പത്തെല്ലാം കൊള്ളയടിക്കുന്ന മനുഷ്യൻ ഇപ്പോൾ അനുഭവിച്ച പ്രളയം പോലുള്ള മഹാദുരന്തങ്ങൾ അനുഭവിക്കേണ്ടി വരുമെന്ന് ചിന്തിച്ചതേയില്ല.പ്രകൃതി നിലനിന്നാലേ മനുഷ്യരുള്ളൂ,മനുഷ്യനുണ്ടെങ്കിലേ വികസനമുള്ളൂ, പ്രകൃതിയെ നശിപ്പിച്ചുകൊണ്ടുള്ള വികസനം നമുക്കു വേണ്ട. പ്രകൃതിയാകുന്ന അമ്മയ്ക്ക് ഒരു ഹരിത കമ്പളം തുന്നിക്കൊടുക്കാം.

ലിറ്റിൽ കൈറ്റ്സ് അഭിരാമി.ആർ കൃഷ്ണൻ 8D

ഐ . ടി . ക്ലബ്ബ്

## 2019-20 അധ്യയനവർഷം
## സ്കൂൾ കൈവരിച്ച നേട്ടങ്ങൾ










## ലിറ്റിൽ കൈറ്റ്സ്

ഐ . ടി . ക്ലബ്ബ്




നമ്മുടെ വിദ്യാലയത്തെക്കുറിച്ച് കൂടുതൽ അറിയാൻ ഈ QR കോഡുകൾ സ്കാൻ ചെയ്യൂ..

ലിറ്റിൽ കൈറ്റ്സ്

ഐ . ടി . ക്ലബ്ബ്

# നന്ദി.....

ലിറ്റിൽ കൈറ്റ്സ്

ഐ . ടി . ക്ലബ്ബ്